**ഭരണഭാഷ - മാതൃഭാഷ**

നം. സി6/21345/2014/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം-33.
തീയതി : 20.11.2015.
ഫോൺ : 0471-2303107

## സർക്കുലർ

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സർക്കാർ കോളേജുകളിലെയും ഹോസ്റ്റലുകളിലെയും സ്വീപ്പർ തസ്തികകളിൽ താത്ക്കാലിക നിയമനം നടത്തുന്നത്

സൂചന: 1) സർക്കാർ കോളേജ് പ്രിൻസിപ്പൽമാരിൽ നിന്നും ഹോസ്റ്റൽ വാർഡൻമാരിൽ നിന്നും ഒഴിവ് റിപ്പോർട്ട് ചെയ്തുകൊണ്ടുള്ള കത്തുകൾ.
2) 02.08.2011 -ലെ കാര്യാലയത്തിലെ സി6/24953/11/കോ.വി.വ. നമ്പർ സർക്കുലർ.

. . . .

ഈ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ കോളേജുകളിലും ഹോസ്റ്റലുകളിലും ഡെപ്യൂട്ടി ഡയറക്ടറേറ്റുകളിലും നിലവിലുള്ള സ്വീപ്പർ, സാനിട്ടേഷൻ വർക്കർ, കുക്ക് തസ്തികകളിൽ ഒഴിവു വരുമ്പോൾ അത്യാവശ്യ ഘട്ടങ്ങളിൽ താത്ക്കാലികമായി / ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ സ്ഥിരം ജീവനക്കാരെ നിയമിക്കുന്നതുവരെ താഴെ പറയുന്ന വേതന വ്യവസ്ഥകൾക്ക് വിധേയമായി നിയമിക്കാൻ അനുവദിക്കുന്നു :

1) താത്ക്കാലിക ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ കുടുംബശ്രീ യൂണിറ്റുകളിൽ നിന്ന് മാത്രമെ ജീവനക്കാരെ നിയമിക്കാവൂ.

2) കുടുംബശ്രീ യൂണിറ്റുകളിൽ നിന്ന് നിയോഗിയ്ക്കപ്പെടുന്ന ജീവനക്കാർക്ക് പ്രസ്തുത യൂണിറ്റ് മുഖേന വേതനം നൽകേണ്ടതും ഇക്കാര്യത്തിലുള്ള നിയമനം 179 ദിവസത്തിൽ കവിയാൻ പാടുള്ളതുമല്ല. എന്നാൽ 179 ദിവസത്തിനു ശേഷവും താത്ക്കാലിക ജീവനക്കാരെ ആവശ്യമുണ്ടെങ്കിൽ ടി കുടുംബശ്രീ യൂണിറ്റിൽ നിന്നും മറ്റൊരാളെ നിയമിക്കാവുന്നതാണ്.

3) കുടുംബശ്രീ യൂണിറ്റിലേയ്ക്ക് കത്തെഴുതിയിട്ടും ജീവനക്കാരെ ലഭ്യമാകാതെ വരുന്ന സാഹചര്യത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാവുന്നതും പ്രസ്തുത നിയമനം 14 ദിവസത്തിൽ കവിയാത്തതുമായിരിക്കണം. യാതൊരു കാരണവശാലും ഒരു വ്യക്തിയെ ഒരു മാസത്തിൽ 14 ദിവസങ്ങളിൽ കൂടുതൽ നിയമിക്കാൻ പാടില്ല. ഇതിനു വിരുദ്ധമായി വിധേയമായി നിയമിച്ചാൽ ടിയാളുടെ ശമ്പളം നിയമനോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

4) ഫുൾ ടൈം കണ്ടിജന്റ് തസ്തികയിലെ നിയമനങ്ങൾ കേരള ലാസ്റ്റ് ഗ്രേഡ് സ്പെഷ്യൽ റൂൾസ് പ്രകാരം ആണ് നടത്തേണ്ടത്. ആയതിനാൽ പ്രസ്തുത തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചെഞ്ച് മുഖേന താർക്കാലിക നിയമനങ്ങൾ നടത്താൻ പാടില്ല. പ്രസ്തുത തസ്തികകളിൽ എംപ്ലോയമെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തിയാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിഷിപ്തമായിരിക്കും. സൂചന (2) -ലെ സർക്കുലർ ഇനി മുതൽ പ്രാബല്യത്തിലുണ്ടായിരിക്കുന്നതല്ല.

ഫുൾ ടൈം കണ്ടജന്റ് തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ എത്രയും പെട്ടെന്ന് ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഒപ്പ്/-
വിലാസചന്ദ്രൻ നായർ വി.
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

// അംഗീകാരത്തോടെ //

സൂപ്രണ്ട്

rpn.21.11.2015.